വാർഡുകളിലേക്കുള്ള പദ്ധതിയിൻകീഴിൽ 434 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. 11 പദ്ധതികൾ 2003-04-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 'വർഷ' മഴവെള്ള ശേഖരണ പദ്ധതിയിൻകീഴിൽ 453 യൂണിറ്റുകളുടെ പണികൾ നടന്നുവരുന്നു. 51 യൂണിറ്റുകൾ 2003-04-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമീണ സ്കൂളുകളിലേക്കുള്ള പദ്ധതിയിൻകീഴിൽ 249 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. 22 പദ്ധതികൾ 2003-04-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ടെക്നോളജി മിഷൻ പദ്ധതിയിൻകീഴിൽ 10 പദ്ധതികളുടേയും നഗര ശുദ്ധജല വിതരണ പദ്ധതിയിൻകീഴിൽ 4 പദ്ധതികളുടേയും പണികൾ നടന്നുവരുന്നു. പി. എം. ജി. വൈ. പദ്ധതിയിൻകീഴിൽ 287 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. 9 പദ്ധതികൾ 2003-04-ൽ പൂർത്തീകരിച്ചിട്ടുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷൻ പദ്ധതിയിൻകീഴിൽ 18 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. ഒരു പദ്ധതി 2003-04 ൽ പൂർത്തീകരിച്ചിട്ടുണ്ട്. 120 "സ്വജൽധാരാ" പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കൊല്ലം, കാസർഗോഡ് ജില്ലകളിൽ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതായി അറിയിപ്പുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ, സെക്ടർ റിഫോംസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ 2003 ഡിസംബർ 31-നകം പൂർത്തിയാക്കി കണക്കുകൾ 2004 മാർച്ച് 31-നകം സമർപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി "സ്വജൽധാരാ രണ്ടിൽ" ഉൾപ്പെടുത്തി നടപ്പാക്കാനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

ജപ്പാൻ കുടിവെള്ള പദ്ധതി

28 [5992] ശ്രീ.എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് കുടിവെള്ളം എത്തിക്കാൻ പദ്ധതിയിട്ടിട്ടുള്ളത്;

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയുടെ ഭാഗമായി ഏതൊക്കെ സ്ഥലങ്ങളിലാണ് കുടിവെള്ളം ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റി (വികസനത്തിനു മുമ്പുള്ള പ്രദേശം)-യും ആറ്റിപ്ര, കടകംപള്ളി, ഉള്ളൂർ എന്നീ മുൻ പഞ്ചായത്തുകളും, വട്ടിയൂർക്കാവ്, ചെട്ടിവിളാകം, ശ്രീകാര്യം എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് തിരുവനന്തപുരം ജില്ലയിലെ ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള ഇംപ്രൂവ്മെന്റ് പദ്ധതി.

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ശ്രീകാര്യം പഞ്ചായത്തിനും മുമ്പത്തെ ആറ്റിപ്ര പഞ്ചായത്തു പ്രദേശങ്ങൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly